**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 63** **31-01-2024 - ൽ മറുപടിയ്ക്ക്**

**വെള്ളക്കരത്തിന്റെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സി. ആർ. മഹേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള ജല അതോറിറ്റി വെള്ളക്കരം മുന്നൂറ് ശതമാനത്തിലേറെ വർദ്ധിപ്പിച്ചത് സാധാരണ ജനങ്ങളെ കടുത്ത പ്രതിസന്ധിയിലാക്കി എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഇല്ല. നിലവിൽ പ്രതിമാസം 15 കിലോ ലിറ്റർ വരെ ഉപഭോഗമുള്ള BPL ഉപഭോക്താക്കൾക്ക് സൗജന്യമായാണ് കുടിവെള്ളം നൽകുന്നത്.<br><br>വാട്ടർ ചാർജ് താങ്ങാനാകാതെ ഉപഭോക്താക്കൾ കണക്ഷൻ ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2020-ൽ 2,20,501 BPL കുടുംബങ്ങൾക്കായിരുന്നു സൗജന്യമായി കുടിവെള്ളം നൽകിയിരുന്നത്. എന്നാൽ 2023 ആയപ്പോഴേക്കും 6,13,074 BPL കുടുംബങ്ങൾക്ക് ഈ ആനുകൂല്യം നൽകുന്നുണ്ട്. ഇതു വഴി കേരള വാട്ടർ അതോറിറ്റിക്ക് 47.86 കോടി രൂപ അധിക ബാധ്യതയുണ്ടായിട്ടുണ്ട്. |
| (ബി) | വെള്ളക്കരം താങ്ങാനാകാതെ പല ഉപഭോക്താക്കളും വാട്ടർ കണക്ഷൻ ഉപേക്ഷിക്കുന്നതായ സാഹചര്യമുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇല്ല. നിലവിൽ പ്രതിമാസം 15 കിലോ ലിറ്റർ വരെ ഉപഭോഗമുള്ള BPL ഉപഭോക്താക്കൾക്ക് സൗജന്യമായാണ് കുടിവെള്ളം നൽകുന്നത്.<br><br>വാട്ടർ ചാർജ് താങ്ങാനാകാതെ ഉപഭോക്താക്കൾ കണക്ഷൻ ഉപേക്ഷിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2020-ൽ 2,20,501 BPL കുടുംബങ്ങൾക്കായിരുന്നു സൗജന്യമായി കുടിവെള്ളം നൽകിയിരുന്നത്. എന്നാൽ 2023 ആയപ്പോഴേക്കും 6,13,074 BPL കുടുംബങ്ങൾക്ക് ഈ ആനുകൂല്യം നൽകുന്നുണ്ട്. ഇതു വഴി കേരള വാട്ടർ അതോറിറ്റിക്ക് 47.86 കോടി രൂപ അധിക ബാധ്യതയുണ്ടായിട്ടുണ്ട്. |
| (സി) | വൻകിടക്കാരിൽ നിന്നും പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സർക്കാർ ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട കുടിശ്ശിക പിരിച്ചെടുക്കാതെ വെള്ളക്കരം വർദ്ധിപ്പിച്ച് ജനങ്ങൾക്ക് അധിക ബാധ്യത വരുത്തുന്നത് നീതീകരിക്കാനാവാത്ത | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാട്ടർ ചാർജ് വർദ്ധിപ്പിച്ച സമയത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും 10.57 കോടി രൂപയും സർക്കാർ സ്ഥാപനങ്ങളിൽ നിന്നും 222.12 കോടി രൂപയും മാത്രമാണ് പിരിച്ചെടുക്കാനുണ്ടായിരുന്നത്. 1000 ലിറ്റർ ജലം |

| | | | |
|---|---|---|---|
| | പ്രവൃത്തിയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ? | | ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിന് വാട്ടർ അതോറിറ്റിക്ക് 22.85 രൂപയായിരുന്നു ചിലവ്. എന്നാൽ ശരാശരി 10.92 രൂപ മാത്രമായിരുന്നു ഒരു കിലോ ലിറ്റർ ജലത്തിൽ നിന്നും വരുമാനമായി ലഭിച്ചിരുന്നത്. അതായത് ഒരു കിലോ ലിറ്റർ ജലം വിതരണം ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിക്ക് 11.93 രൂപ നഷ്ടം വരുന്നുണ്ടായിരുന്നു. ഈ സാഹചര്യത്തിലായിരുന്നു വാട്ടർ ചാർജ് വർധിപ്പിക്കണമെന്ന് തീരുമാനിച്ചത്. 2022-23 സാമ്പത്തിക വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം 1000 ലിറ്റർ കുടിവെള്ളത്തിന്റെ ഉല്പാദന ചിലവ് 24.39 രൂപയായി വർദ്ധിച്ചു. ജല ശുദ്ധീകരണത്തിനും വിതരണത്തിലും വരുന്ന ചെലവിനേക്കാൾ വളരെ കുറഞ്ഞ നിരക്കിൽ ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നത് വഴി വാട്ടർ അതോറിറ്റിക്ക് ഭീമമായ നഷ്ടമാണ് പ്രതിവർഷം ഉണ്ടായികൊണ്ടിരിരുന്നത്. വർഷാവർഷം വർദ്ധിച്ചു വരുന്ന വൈദ്യുതി ചാർജ്ജ്, കെമിക്കൽസിന്റെ വില വർദ്ധനവ്, അറ്റകുറ്റ പണികളുടെ ചെലവ്, വായ്പ തിരിച്ചടവ്, ശമ്പളം, പെൻഷൻ ചെലവ് എന്നിവക്ക് അനുസൃതമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് ഉണ്ടാവുന്നില്ലായിരുന്നു. ഇതുമൂലം വാട്ടർ അതോറിട്ടിയ്ക്ക് 2022-23 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പ്രകാരം 6223.76 കോടി രൂപയാണ് സഞ്ചിത നഷ്ടം.<br><br>രാസവസ്തുക്കൾ, അറ്റകുറ്റപണികൾക്കുള്ള ഉപകരണങ്ങൾ, കൂലി, തുടങ്ങിയവയുടെ വില വർദ്ധിച്ചു. കൂടാതെ സ്കീമുകളുടെ പ്രായാധിക്യം കാരണം ഓപ്പറേഷനും മെയിന്റനൻസും ചെലവുകളും ഗണ്യമായി വർദ്ധിച്ചു വന്ന സാഹചര്യം നിലനിൽക്കുന്നു. ജലവിതരണ, മലിനജല മേഖലകളിൽ സമയ ബന്ധിതമായ നവീകരണം അനിവാര്യമായിരുന്നത് കൊണ്ട് തന്നെ ഇതിനുള്ള തുക കണ്ടത്തേണ്ടതുണ്ടായിരുന്നു കൂടാതെ ഉല്പാദന ചെലവിനോടടുത്തെങ്കിലും വാട്ടർ ചാർജ്ജ് നിരക്ക് എത്തേണ്ടതുണ്ടായിരുന്നു. ഈ ഘടകങ്ങളെല്ലാം പരിശോധിച്ചാണ് വാട്ടർ ചാർജ്ജ് നിരക്ക് ഒരു ലിറ്ററിന് ഒരു പൈസ വീതം വർധിപ്പിച്ചത്. 2020-ൽ 2,20,501 BPL കുടുംബങ്ങൾക്കായിരുന്നു സൗജന്യമായി കുടിവെള്ളം നൽകിയിരുന്നത്. എന്നാൽ 2023 ആയപ്പോഴേക്കും 6,13,074 BPL കുടുംബങ്ങൾക്ക് ഈ ആനുകൂല്യം നൽകുന്നുണ്ട്. ഇതു വഴി കേരള വാട്ടർ അതോറിറ്റിക്ക് 47.86 കോടി രൂപ അധിക ബാധ്യതയുണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ